കുസുമം. ആർ. പുന്നപ്ര

# ലോകനീതി

അമ്മയുടെ കൂടെ കടയിലേക്ക് ഉണ്ണിക്കുട്ടനും പുറപ്പെട്ടു. വഴിയിൽ കിടക്കുന്ന പട്ടി സ്നേഹത്തോടെ അമ്മയുടെ അടുത്തേക്കു വാലാട്ടി വന്നു. അമ്മ പൊതിയിലിരുന്ന ഭക്ഷണം പട്ടിക്കു കൊടുത്തു.

ഉണ്ണിക്കുട്ടൻ അമ്മയോട് ദേഷ്യപ്പെട്ടാണ് പറഞ്ഞത്: ''അമ്മേ, ഈ പട്ടിയല്ലേ അമ്മയെ മുമ്പ് മാന്തിയത്! എന്നിട്ടാണോ അമ്മ ഈ തെരുവുപട്ടിക്ക് ആഹാരവുമായി വന്നിരിക്കുന്നത്?''

''മോനേ, അത് വാലാട്ടിക്കൊണ്ട് വരുന്നതു കണ്ടില്ലേ.... സ്നേഹസൂചകമായിട്ടാണ് പട്ടി വാലാട്ടുന്നത്.''

''അമ്മയോട് സ്നേഹമുണ്ടായിട്ടാണോ അതമ്മയെ മാന്തിയത്?!''

''മോനേ, ജന്തുക്കൾ നമ്മളെ ഉപദ്രവിക്കണമെങ്കിൽ അതിനെന്തെങ്കിലും ഒരു കാരണം കാണും.''

''അമ്മ അതിനെ ഒന്നും ചെയ്തില്ലല്ലോ?''

''ഞാൻ ചെയ്തില്ലെങ്കിലും മറ്റൊരാൾ ചെയ്തതിന്റെ ഫലമാണ് ഞാനനുഭവിച്ചത്.''

''എനിക്കൊന്നും മനസ്സിലായില്ല.''

''അതായത് ഈ പട്ടിയുടെ പിറകിലോട്ട് നോക്കിയ്ക്കേ...''

''ഞാൻ കണ്ടല്ലോ, മൂന്ന് പട്ടിക്കുഞ്ഞുങ്ങൾ!''

ഈ കുഞ്ഞുങ്ങളുണ്ടാകുന്നതിനു മുമ്പ് ഈ പട്ടി ഒരു വീട്ടിലെ കാവൽ പട്ടിയായിരുന്നു. വീട്ടുകാർ എവിടെപ്പോയാലും അവിടെ കള്ളന്മാർ കയറാതെ വീടു സൂക്ഷിപ്പുകാരനെപ്പോലെ കിടന്നിരുന്നു. അപ്പോൾ വീട്ടുകാർ ആഹാരമൊക്കെ കൊടുത്ത് ഇതിനെ സന്തോഷിപ്പിച്ചു പോന്നു.

അങ്ങനെയിരിക്കുമ്പോഴാണ് അവൾ ഒരു ദിവസം പ്രസവിച്ച് ഈ മൂന്നു കുഞ്ഞുങ്ങളുമായി അവരുടെ വിറകു പുരയിൽ താമസമുറപ്പിച്ചത്. അതോടെ വീട്ടുകാരുടെ അവളോടുള്ള സ്നേഹവും പോയി. അവർ ആഹാരവും കൊടുക്കാതായി.

അവൾ തെരുവിലൊക്കെ പോയി കിട്ടുന്നതെന്തെങ്കിലും കഴിച്ചിട്ട് ഓടിവന്ന് കുഞ്ഞുങ്ങൾക്ക് പാലു കൊടുക്കും. ഒരു ദിവ



സം തള്ളപ്പട്ടി ആഹാരം തേടിപ്പോയപ്പോൾ ഒട്ടും ദയയില്ലാത്ത ആ വീട്ടുകാർ ദാ ആ കാണുന്ന ഓടയിലേക്ക് ഈ മൂന്നു കുഞ്ഞുങ്ങളെയും കൂടി വലിച്ചെറിഞ്ഞു.

തള്ളപ്പട്ടി വന്ന് വിറകു പുരയിൽ നോക്കിയിട്ടൊന്നും കുഞ്ഞുങ്ങളെ കാണാഞ്ഞ് കുരച്ചുകൊണ്ടു അവിടെയെല്ലാം നടന്നു. അമ്മയുടെ കുര കേട്ടപ്പോൾ ഓടക്കരികിൽ കുഞ്ഞുങ്ങൾ വന്നു നിന്നു കരഞ്ഞു. തള്ളപ്പട്ടി ചാടിയിറങ്ങി കുഞ്ഞുങ്ങൾക്ക് പാലുകൊടുത്തു.''

''അതിനെന്തിനാ പട്ടി അമ്മയെ കടിച്ചത്?''

''ഞാൻ പറഞ്ഞുകഴിയട്ടെ ഉണ്ണിക്കുട്ടാ...''

''ശരി ശരി, പറയൂ...'' പിന്നീടവൾ ആഹാരം തേടി പോകാതായി.

''എപ്പോഴും കുഞ്ഞുങ്ങളെയും കാത്ത് ഈ ഓടക്കുള്ളിൽ വിശപ്പും സഹിച്ച് അവർക്കു പാലും കൊടുത്ത് കിടന്നു. അപ്പോഴാണ് ഉണ്ണിക്കുട്ടനും കൂട്ടുകാരും കളിച്ചിരുന്ന പന്ത് ഈ ഓടയിൽ വീഴുന്നത്.

പട്ടി കിടക്കുന്നതറിയാതെ ആ പന്തെടുത്തു കൊടുക്കാൻ അമ്മ ഓടയിലോട്ട് ചാടിയിറങ്ങിയപ്പോൾ വിശന്നു കിടന്ന പട്ടി വിചാരിച്ചു, അവിടെയും അവരെ ഉപദ്രവിക്കാൻ ചെന്നതാണെന്ന്. അവൾക്ക് ദേഷ്യം സഹിച്ചില്ല. ഒരു മാന്തൽ തന്നു. ഇതാണു കാരണം.''

''ഓ അപ്പോഴങ്ങനെയാണല്ലേ, ഇതെനിക്കറിയില്ലായിരുന്നു. ഞങ്ങൾക്കാർക്കും അറിയില്ലായിരുന്നു! പക്ഷേ അമ്മക്കറിയാമായിരുന്നു.''

''അമ്മേ, അമ്മ നല്ല കാര്യമാണ് ചെയ്തത്. വിശക്കുന്നത് ആരായാലും അവർക്ക് ഭക്ഷണം കൊടുക്കുന്നത് പുണ്യമാണെന്ന് സാറു ക്ലാസിൽ പഠിപ്പിച്ചിട്ടുണ്ട്.''

''അതേപോലെ ആ വീട്ടുകാർ ചെയ്ത ചീത്തപ്രവൃത്തിയുടെ ഫലം അനുഭവിച്ചത് അമ്മയുമായിരുന്നു, അല്ലേ...''



അമ്മ ചിരിച്ചുകൊണ്ട് അവനെ തലോടി.

ഏറ്റവും കൂടുതൽ കണ്ടൽകാടുകളുള്ള സംസ്ഥാനം- പശ്ചിമബംഗാൾ